പതിമൂന്നാം കേരള നിയമസഭ

ആറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 2166 18.12.2012 ൽ മറുപടിയ്ക്ക്

## കൽക്കരി ഉപയോഗിച്ചുള്ള വൈദ്യുതി ഉത്പാദനം

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീ. കോടിയേരി ബാലകൃഷ്ണൻ,<br>ശ്രീ. വി. ചെന്താമരാക്ഷൻ,<br>പ്രൊഫ. സി. രവീന്ദ്രനാഥ്,<br>ശ്രീ. എസ്. രാജേന്ദ്രൻ. | | ശ്രീ. ആര്യാടൻ മുഹമ്മദ്<br>(ഊർജ്ജവും ഗതാഗതവും വകുപ്പ് മന്ത്രി) |
| (എ) ബൈതരണി കൽക്കരി പാടത്തു നിന്ന് കേന്ദ്ര സർക്കാർ അനുവദിച്ച കൽക്കരി ഉപയോഗിച്ചുള്ള വൈദ്യുത നിലയ വികസനം ഇപ്പോൾ ഏത് ഘട്ടത്തിലാണ്;<br><br>(ബി) കൽക്കരി ഉപയോഗിച്ചുള്ള വൈദ്യുതി നിലയ വികസനത്തിന് കൽക്കരിപ്പാടം അനുവദിച്ചത് റദ്ദാക്കാൻ കേന്ദ്ര സർക്കാർ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; കാരണം വ്യക്തമാക്കാമോ; | (എ) & (ബി) | കൽക്കരി മന്ത്രാലയത്തിന്റെ 10.12.2012 ലെ F.No.13016/76/2008-CA-7 ഉത്തരവു പ്രകാരം 2007-ൽ അനുവദിച്ച കൽക്കരിപ്പാടം റദ്ദാക്കിയതായി അറിയിച്ചിട്ടുണ്ട്.<br><br>കൽക്കരിപ്പാടം വികസനത്തിന് പുരോഗതി ഒട്ടും തന്നെ ഉണ്ടാകാത്തതും ഇവിടെ നിന്നും ലഭിക്കുന്ന കൽക്കരി ഉപയോഗിച്ച് ഗുജറാത്തിലും ഒഡീഷയിലും കേരളത്തിലും നടപ്പിലാക്കാൻ ഉദ്ദേശിച്ച പദ്ധതികൾ (end-use projects) മുന്നോട്ട് പോകാത്തതിനാലും ആണ് കൽക്കരിപ്പാടത്തിനുള്ള അനുമതി നിഷേധിച്ചതി (deallocate) ന് കാരണമായി കാണിച്ചിട്ടുള്ളത്. |
| (സി) ബൈതരണി കൽക്കരിപ്പാടം വികസിപ്പിക്കുന്നതിനും പ്രസ്തുത കൽക്കരി ഉപയോഗപ്പെടുത്തി ചുരുങ്ങിയ നിരക്കിൽ വൈദ്യുതി ഉത്പാദിപ്പിക്കുന്നതിനും ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം സ്വീകരിച്ച നടപടികൾ വിശദമാക്കാമോ? | (സി) | ബൈതരണി കൽക്കരിപ്പാടം വികസിപ്പിക്കുന്നതിനും, കൽക്കരി ഖനനം ചെയ്യുന്നതിനുമായി 'ബൈതരണി വെസ്റ്റ് കോൾ കമ്പനി ലിമിറ്റഡ് 'എന്ന പേരിൽ ഒരു കമ്പനി കേരളം, ഒഡീഷാ, ഗുജറാത്ത് എന്നീ സംസ്ഥാനങ്ങൾ സംയുക്തമായി രൂപീകരിച്ചിരുന്നു.<br><br>ബൈതരണിയിൽ നിന്നും ലഭിക്കുന്ന കൽക്കരിയുപയോഗിച്ച് ഉദ്ദേശം 1000 MW ശേഷിയുള്ള ഒരു താപവൈദ്യുത നിലയം സ്ഥാപിക്കുന്നത് സംബന്ധിച്ച് കേന്ദ്ര പൊതുമേഖലാ സ്ഥാപനമായ NTPC-യുമായി |

ചർച്ച നടത്തി വരികയായിരുന്നു. ഇതിലേയ്ക്കായി കേന്ദ്ര വൈദ്യുത മന്ത്രാലയത്തിന്റെ നിർദ്ദേശാനുസരണം ഒരു കമ്മിറ്റി രൂപീകരിച്ചിട്ടുണ്ടായിരുന്നു. പൊതുമേഖലയിൽ തന്നെയുള്ള NLC ഉൾപ്പെടെയുള്ള മറ്റു ഏജൻസികളുമായി ഇക്കാര്യത്തിൽ സഹകരിക്കുന്നതിനും ശ്രമങ്ങൾ നടക്കുന്നുണ്ട്.

കൽക്കരി ഖനനം ചെയ്യുന്നതിനാവശ്യമായ സ്ഥലം ഏറ്റെടുക്കുന്നതിന് ഒഡീഷാ സർക്കാരിന്റെ ഭരണാനുമതി ലഭ്യമാക്കുന്നതിലേയ്ക്കായി സംസ്ഥാന മുഖ്യമന്ത്രി പ്രധാനമന്ത്രിക്കും ഒഡീഷാ മുഖ്യമന്ത്രിക്കും 30.11.2012 ൽ കത്തയച്ചിട്ടുണ്ടായിരുന്നു.

സെക്ഷൻ ഓഫീസർ.